# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3662

19/02/2013 - ൽ മറുപടിക്ക്

## ഫിഷിംഗ് ഹാർബറുകളുടെ അറ്റകുറ്റപ്പണിക്കായുള്ള പദ്ധതികൾക്ക് കേന്ദ്രാനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| എ) സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളുടെ അറ്റകുറ്റപ്പണിക്കായി സമർപ്പിച്ച പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി ലഭ്യമായത്; | എ) പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിൽ (NFDB) നിന്ന് 2706.49 ലക്ഷം രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| മത്സ്യബന്ധന തുറമുഖത്തിന്റെ പേര് | കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായ ഭരണാനുമതിയും തുകയും |
|---|---|
| 1 പുതിയാപ്പ മത്സ്യബന്ധന തുറമുഖം | NFDB/CMF/4/FHJ-936/2009(KER)/8974 തീയതി 29.12.2009 - 280 ലക്ഷം |
| 2. കായംകുളം മത്സ്യബന്ധന തുറമുഖം | NFDB/CMF/4/FHJ-939/2009(KER)/9572 തീയതി 04.02.2010 - 259 ലക്ഷം |
| 3. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം | NFDB/CMF-FH&LC/ M-1/2009-1020/11571 തീയതി 25.08.2010 - 254.50 ലക്ഷം |
| 4. നീണ്ടകര & ശക്തികുളങ്ങര മത്സ്യബന്ധന തുറമുഖം | NFDB/CMF-FH&LC/ M-3/2010-2011/11670 തീയതി 14.09.2010 - 1003 ലക്ഷം |
| 5. ചോമ്പാൽ മത്സ്യബന്ധന തുറമുഖം | NFDB/CMF-/FH&LC/ M-5/2009-2010 തീയതി 06.069.2011-336 ലക്ഷം |
| 6. മുനമ്പം മത്സ്യബന്ധന തുറമുഖം | NFDB/CMF-/FH&LC/ 2796/2009-2010 തീയതി 10.08.2011 - 136.82 ലക്ഷം |
| 7. തോട്ടപ്പള്ളി മത്സ്യ | NFDB/Infra/FLC/26/2012 |

| | | |
|---|---|---|
| | ബന്ധന തുറമുഖം | തീയതി 08.07.2012 – 138 ലക്ഷം |
| | 8. ബേപ്പൂർ മത്സ്യബന്ധന തുറമുഖം | NFDB/Infra/22/2011 തീയതി 08.07.2012 – 299.17 ലക്ഷം |

ബി) അനുമതി ലഭിച്ചതിനുശേഷം ഓരോ തുറമുഖത്തിന് വേണ്ടിയും ചിലവഴിച്ച തുകയും നടത്തിയ പ്രവൃത്തികളുടെ പുരോഗതിയും വ്യക്തമാക്കാമോ;

ബി) അനുമതി ലഭിച്ചതിനുശേഷം ഓരോ തുറമുഖത്തിനു വേണ്ടി ചിലവഴിച്ച തുകയും നടത്തിയ പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1) <u>പുതിയാപ്പ മത്സ്യബന്ധന തുറമുഖം</u>

പ്രസ്തുത മത്സ്യബന്ധന തുറമുഖ നവീകരണത്തിന്റെ ഭാഗമായി NFDB ധനസഹായത്തോടെ ഫിഷ് ലോഡിംഗ്, പാർക്കിംഗ് ഏരിയയുടെ നിലവാരം മെച്ചപ്പെടുത്തൽ, ജലവിതരണ സംവിധാനത്തിന്റെ നിലവാരം മെച്ചപ്പെടുത്തൽ എന്നിവ പൂർത്തിയായിട്ടുണ്ട്. ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു. നാളിതുവരെ 208.45 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

2) <u>കായംകുളം മത്സ്യബന്ധന തുറമുഖം</u>

ടി മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിന്റെ ഭാഗമായി ഓടയുടെ നിർമ്മാണം, ലോഡിംഗ് ഏരിയ, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് എന്നിവ പൂർത്തീകരിച്ചു. നെറ്റ് മെൻഡിംഗ് യാർഡ്, ആക്ഷൻ ഹാൾ നവീകരണം, പാർക്കിംഗ് ഏരിയ എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നാളിതുവരെ 108.44 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

3) <u>തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം</u>

NFDB ധനസഹായത്തോടെയുള്ള തങ്ക ശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 229.74 ലക്ഷം രൂപ ചിലവഴിച്ചി ട്ടുണ്ട്

4) <u>നീണ്ടകര, ശക്തികുളങ്ങര മത്സ്യ ബന്ധന തുറമുഖം</u>

പ്രസ്തുത മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവൃത്തിയിൽ ഐസ് പ്ലാന്റിന്റെ നിർമ്മാണം ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഐസ് പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു. നാളിതുവരെ 739.12 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

5) <u>ചോമ്പാൽ മത്സ്യബന്ധന തുറമുഖം</u>

പ്രസ്തുത മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി NFDB ധനസഹായത്തോടെ പാർക്കിംഗ് ഏരിയയുടെ നവീകര ണം, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയയുടെ നിർമ്മാണം, ആന്തരിക റോഡുകളുടെ റീസർഫസിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നീ

പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ശേഷിക്കുന്ന പ്രവൃത്തികളായ ടോയ്‌ലറ്റ് ബ്ലോക്ക്, ആക്ഷൻ ബ്ലോക്ക് നവീകരണം, വൈദ്യുതീകരണം, ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നാളിതുവരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല.

6) <u>മുനമ്പം മത്സ്യബന്ധന തുറമുഖം</u>

NFDB ധനസഹായത്തോടെ നടക്കുന്ന മുനമ്പം മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി ചുറ്റുമതിലുകളുടെ പുനരുദ്ധാരണം ഹാർബർ പരിസരത്തിന്റെയും ലേലപ്പുരയുടെയും നിലവാരമുയർത്തൽ/നവീകരണം എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. നാളിതുവരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല.

7) <u>തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം</u>

തോട്ടപ്പള്ളി മത്സ്യബന്ധനതുറമുഖത്തിന് നവീകരണത്തിന്റെ ഭാഗമായി 265 ലക്ഷം രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു എങ്കിലും 138 ലക്ഷം രൂപയുടെ ഭരണാനുമതിയേ എൻ.എഫ്.ഡി.ബി യിൽ നിന്നും ലഭ്യമായിട്ടുള്ളൂ. ആയതിനാൽ പുതുക്കിയ പ്രൊപ്പോസൽ പ്രകാരമുള്ള 265 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമാക്കണമെന്ന് NFDB യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

8) <u>ബേപ്പൂർ മത്സ്യബന്ധന തുറമുഖം</u>

ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി NFDB യിൽ നിന്നും 8.07.2012 ൽ 299.17 ലക്ഷം രൂപ യുടെ പദ്ധതി അംഗീകരിക്കുകയുണ്ടായി. നെറ്റ് മെൻഡിംഗ് ഷെഡ്ഡിന്റെ നിർമ്മാണം, ജലവിതരണസംവിധാനം മെച്ചപ്പെടുത്തൽ, വൈദ്യുതീകരണം മെച്ചപ്പെടുത്തൽ, ഫിഷ് ലോഡിംഗ് ഏരിയ, വാഹനങ്ങളുടെ പാർക്കിംഗ് ഏരിയയുടെ മെച്ചപ്പെടുത്തൽ തുടങ്ങിയ ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. പ്രവൃത്തി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| **സി)** | എല്ലാ മെയിന്റനൻസ് ജോലികളും പൂർത്തിയായ എത്ര തുറമുഖങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; | **സി)** | തങ്കശ്ശേരി തുറമുഖത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ട്. നീണ്ടകര, ശക്തികുളങ്ങര തുറമുഖത്തിന്റെ ഐസ് പ്ലാന്റിന്റെ നിർമ്മാണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| **ഡി)** | ശേഷിക്കുന്നവയുടെ ജോലികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് | **ഡി)** | ശേഷിക്കുന്നവയുടെ പ്രവൃത്തികൾ താഴെ പറയുന്ന തീയതിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

വ്യക്തമാക്കാമോ ?

| ക്രമ നം | മത്സ്യബന്ധന തുറമുഖങ്ങളുടെ പേര് | പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന തീയതി |
|---|---|---|
| 1. | പുതിയാപ്പ മത്സ്യബന്ധന തുറമുഖം | 30.06.2013 |
| 2. | കായംകുളം മത്സ്യബന്ധന തുറമുഖം | 31.05.2013 |
| 3. | നീണ്ടകര, ശക്തികുളങ്ങര മത്സ്യബന്ധന തുറമുഖം | 30.09.2013 |
| 4. | ചോമ്പാൽ മത്സ്യബന്ധന തുറമുഖം | 29.08.2013 |
| 5. | മുനമ്പം മത്സ്യബന്ധന തുറമുഖം | 01.09.2013 |
| 6. | ബേപ്പൂർ മത്സ്യബന്ധന തുറമുഖം | കേരള സർക്കാരിൽ നിന്നും 299.17 ലക്ഷം രൂപയുടെ ഭരണാനുമതി 17.10.2012 ൽ ലഭിച്ചിട്ടുണ്ട്. നെറ്റ്മെൻഡിംഗ് ഷെഡ്, ജലവിതരണ സംവിധാനം, ആക്ഷൻഹാൾ നവീകരണം, Covered fish loading area, Effluent treatment plant നവീകരണം എന്നീ ഘടകങ്ങൾക്കുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ശേഷിക്കുന്ന എല്ലാ ഘടകങ്ങളും ക്രമീകരിച്ച് രണ്ട് വർഷത്തിനുള്ളിൽ ടി മത്സ്യബന്ധന തുറമുഖത്തിൽ ഉൾപ്പെടുന്ന എല്ലാ ഘടകങ്ങളും പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.